(സി) ഉണ്ടെങ്കിൽ എത്ര പേരെ അങ്ങനെ നിയമിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനായി പുതിയ അദ്ധ്യാപകരെ നിയമിക്കുമ്പോൾ നിലവിലുള്ള അധ്യാപകരുടെ ജോലിസംബന്ധമായി എന്ത് നിലപാടാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇവർക്കെല്ലാം പ്രൊട്ടക്ഷൻ നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) സംസ്ഥാനത്ത് ഹൈസ്കൂളുകളിൽ കോർ വിഷയങ്ങളിൽ (കണക്ക്, ഫിസിക്കൽ സയൻസ്, നാചറൽ സയൻസ്, സാമൂഹ്യശാസ്ത്രം) ബി. എഡ്. ബിരുദമുള്ളവരാണ് ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത്. 2001-2002 അദ്ധ്യയനവർഷം വരെ ഈ രീതി തുടർന്നിരുന്നു. ഇപ്പോൾ ഇംഗ്ലീഷ് ബി. എഡ്. ഉള്ളവർ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സ്റ്റാഫ് ഫിക്സേഷൻ കോർ വിഷയങ്ങളിൽ മൊത്തം അനുവദിക്കപ്പെടുന്ന തസ്തികകളുടെ എണ്ണത്തിന് ആനുപാതികമായിട്ടാണ് ഇംഗ്ലീഷ് തസ്തിക നിർണ്ണയിക്കുന്നത്. എത്ര പേരെ നിയമിക്കാമെന്നത് കോർ വിഷയങ്ങളിൽ അനുഭവിക്കപ്പെടുന്ന മൊത്തം തസ്തികകളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കുന്നു.

(ഡി) നിലവിലുള്ള അധ്യാപകരെ പ്രതികൂലമായി ബാധിക്കാത്ത വിധത്തിലാണ് ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക അനുവദിക്കുന്നത്. ആയതുകൊണ്ട് നിലവിലുള്ള അദ്ധ്യാപകരുടെ ജോലിയെ ഇത് ദോഷകരമായി ബാധിക്കില്ല.

(ഇ) മുൻ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സി. ആർ. എഫ്. സ്കീമിൽ ഉൾപ്പെടുത്തിയ മരാമത്ത് ജോലികൾ

* 6 [926] ശ്രീ. ബിനോയ് വിശ്വം:

,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. ആർ. എഫ്. സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഇപ്പോൾ മരാമത്ത് ജോലികൾ നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ജോലികൾ പൂർത്തിയാക്കുന്നതിന് ഇനി എത്ര കാലം വേണ്ടിവരുമെന്ന് അറിയിക്കാമോ;

(സി) ഈ സ്കീമിൽ ഉൾപ്പെടുത്തി കൂടുതൽ സഹായം നേടിയെടുക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മരാമത്തുവകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) സി. ആർ. എഫ്. സ്കീമിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പണികൾ ഇപ്പോൾ നടത്തിവരുന്നുണ്ട്.

1. ഹരിപ്പാട്-വീയപുരം റോഡ്
2. കുളനട-ആറൻമുള റോഡ്
3. കടപ്ര-വീയപുരം റോഡ്
4. കരമന-കിള്ളി റോഡ് വീതികൂട്ടൽ, കരമന പാലം, കിള്ളിപ്പാലം തുടങ്ങിയവ
5. അമരവിള-പെരുങ്കടവിള-താന്നിമൂട്-കാരക്കോണം-പാറശ്ശാല റോഡ്
6. അഴൂർക്കടവ് പാലം

(ബി) കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി, നിശ്ചിത സമയപരിധിക്കുള്ളിൽ മേപ്പടി പണികൾ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സി. ആർ. എഫ്. സ്കീം സംബന്ധിച്ച നിബന്ധനകൾ പാലിക്കുന്ന പദ്ധതികൾ മുൻഗണനാക്രമത്തിൽ കണ്ടെത്തി കേന്ദ്രാനുമതിയോടെ അവ നടപ്പാക്കുന്നതിനു ശ്രമിച്ചുവരുന്നു.

ഗ്രേഡിംഗ് സമ്പ്രദായം

* 7 [927] ശ്രീ. എ. പി. അനിൽകുമാർ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. കെ. മോഹൻകുമാർ:
,, എം. മുരളി:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിഷ്കരിച്ച വിദ്യാഭ്യാസ പരിപാടി അനുസരിച്ച് ഗ്രേഡിംഗ് സമ്പ്രദായം ഹൈസ്കൂൾ തലത്തിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly